**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 21** **16-09-2025 - ൽ മറുപടിയ്ക്ക്**

**നവകേരള സദസ്സുമായി ബന്ധപ്പെട്ട് അരൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവകേരള സദസ്സിൽ ഉയർന്നുവന്ന പരാതികൾ പരിഹരിക്കുന്നതിനായി അരൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കുമോ; | (എ) | നവകേരള സദസ്സിൽ ഉയർന്നുവന്ന പരാതികൾ പരിഹരിക്കുന്നതിനായി അരൂർ മണ്ഡലത്തിലെ ചുവടെ പറയുന്ന പ്രവർത്തികൾക്ക് 02.09.2025-ലെ സ.ഉ (സാധാ) നമ്പർ 738/2025/ജവിവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>1. അരൂർ മണ്ഡലത്തിലെ പട്ടണക്കാട് ബ്ലോക്ക് അതിർത്തിയിലെ പ്രദേശങ്ങളിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനും തോടുകളുടെ സംരക്ഷണഭിത്തി നിർമ്മാണവും - ₹ 4.00 കോടി<br><br>2. തൈക്കാട്ടുശ്ശേരി ബ്ലോക്ക് അതിർത്തിയിലെ പ്രദേശങ്ങളിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനും റോഡുകളുടെ സംരക്ഷണഭിത്തി നിർമ്മാണവും -₹ 3.00 കോടി |
| (ബി) | പ്രസ്തുത പ്രവൃത്തികൾ ഏത് വകുപ്പ് മുഖാന്തിരമാണ് നടപ്പിലാക്കുന്നത്; ആയതിന്റെ പുരോഗതി വിശദമാക്കുമോ? | (ബി) | പ്രസ്തുത പ്രവർത്തികൾ ജല വിഭവ വകുപ്പ് മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പ്രവർത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ